കോട്ടയത്തെ ആതുരാലയങ്ങളിൽ ഇൻസിനറേറ്റർ പ്രവർത്തിപ്പിച്ച് മാരക രോഗങ്ങൾ തടയുന്നതിന് നടപടി

135 [1662] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം മെഡിക്കൽ കോളേജിൽ മാലിന്യ സംസ്കരണത്തിനായി ഇൻസിനറേറ്റർ എന്നാണ് സ്ഥാപിച്ചത്; ഇതിനായി എത്ര തുകയാണ് ചെലവാക്കിയത് ഇതിന്റെ പ്രവർത്തനം വിശദമാക്കുമോ;

(ബി) നാളിതുവരെ എത്ര തവണ ഇൻസിനറേറ്റർ പ്രവർത്തിപ്പിച്ചു; എത്ര ടൺ മാലിന്യം സംസ്കരിച്ചു; സംസ്കരണത്തിനായി എത്ര തുകയുടെ ഇന്ധനം ചെലവായി;

(സി) കോട്ടയം മെഡിക്കൽ കോളേജിൽ ഒരു ദിവസം ഉണ്ടാകുന്ന മാലിന്യത്തിന്റെ അളവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ടി ഇൻസിനറേറ്റർ മാലിന്യം സംസ്ക്കരിക്കുന്നതിന് പര്യാപ്തമാണോ;

(ഡി) കോട്ടയം മേഖലയിലെ മെഡിക്കൽ കോളേജ് ഉൾപ്പെടെ സർക്കാർ സ്വകാര്യ ആതുരാലയങ്ങളിലെ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് ചട്ടങ്ങൾക്ക് അനുസൃതമായി ഫീസ് ഈടാക്കി ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് ആലോചിച്ച് മാരകരോഗങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോട്ടയം മെഡിക്കൽ കോളേജിൽ മാലിന്യ സംസ്ക്കരണത്തിനായി 7-8-2004-ൽ 26,73,504 രൂപ ചെലവഴിച്ച് ഒരു ഇൻസിനറേറ്റർ സ്ഥാപിച്ചു. കോട്ടയം മെഡിക്കൽ കോളേജിലെ കുട്ടികളുടെ ആശുപത്രിയിൽ 2,32,785 രൂപ ചെലവഴിച്ച് 28-7-2003-ൽ ഒരു ഇൻസിനറേറ്റർ സ്ഥാപിച്ചു. കുട്ടികളുടെ ആശുപത്രിയിലെ ഇൻസിനറേറ്റർ വൈദ്യുതിയാലും മെഡിക്കൽ കോളേജ് ആശുപത്രിയിലേത് ഡീസൽ ഉപയോഗിച്ചുമാണ് പ്രവർത്തിക്കുന്നത്. ഈ ആശുപത്രികളിലെ ബയോമെഡിക്കൽ മാലിന്യങ്ങൾ മാത്രം സംസ്ക്കരിക്കുന്നതിനാണ് ഇവ ഉപയോഗിക്കുന്നത്.

(ബി) കുട്ടികളുടെ ആശുപത്രിയിൽ നാളിതുവരെ 120 തവണകളിലായി 3 ടണ്ണോളം മാലിന്യങ്ങൾ സംസ്ക്കരിച്ചു. ഒരു മാസം ഈ ഉപകരണം ഉപയോഗിക്കുന്നതിന് 3,120 രൂപയുടെ വൈദ്യുതി ചെലവാകുന്നു. മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഇൻസിനറേറ്ററിലൂടെ പ്രതിദിനം ഏകദേശം 2,300 കിലോഗ്രാം മാലിന്യങ്ങൾ സംസ്ക്കരിക്കാൻ കഴിയും. ഫെബ്രുവരി 28 വരെ ഈ ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നതിന് 77,465 രൂപയോളം ഇന്ധനത്തിനായി ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മെഡിക്കൽ കോളേജിൽ മാത്രം ഒരു ദിവസം ഉദ്ദേശം 2,500 കിലോഗ്രാമോളം ബയോമെഡിക്കൽ മാലിന്യങ്ങൾ ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഉണ്ടാകുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് ഇവ പര്യാപ്തമാണ്.

(ഡി) ഇത് സംബന്ധിച്ച് കൂടിയാലോചന നടത്തി തീരുമാനമെടുക്കേണ്ടതാണ്.

മെഡിക്കൽ ബോർഡ് സിറ്റിംഗ് കാസർഗോഡ് പുനരാരംഭിക്കാൻ നടപടി

136 [1663] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ മെഡിക്കൽ ബോർഡ് കാസർഗോഡ് താലൂക്ക് ആശുപത്രിയിൽ മാസത്തിലൊരിക്കൽ നടത്തിയിരുന്ന സിറ്റിംഗ് നിർത്തിവച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സിറ്റിംഗ് നിർത്തിവയ്ക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) മെഡിക്കൽ ബോർഡ് സിറ്റിംഗ് കാസർഗോഡ് താലൂക്ക് ആശുപത്രിയിൽ പുനരാരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ നിന്നുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ ഉൾപ്പെടുത്തിയാണ് മെഡിക്കൽ ബോർഡ് രൂപീകരിച്ചിട്ടുള്ളത്. ഇത്രയും ഡോക്ടർമാർ ഒരു ദിവസം കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ ഡ്യൂട്ടിയിൽ നിന്ന് മാറി നിൽക്കേണ്ടതായി വരുമ്പോൾ അവിടെ എത്തുന്ന രോഗികളുടെ ബുദ്ധിമുട്ട് കണക്കിലെടുത്താണ് ബോർഡ് കൂടുന്നത് തൽക്കാലികമായി മുടക്കേണ്ടിവന്നത്.

(സി & ഡി) മെഡിക്കൽ ബോർഡിന്റെ സിറ്റിംഗ് എത്രയും പെട്ടെന്ന് പുനരാരംഭിക്കുന്നതാണ്. മെഡിക്കൽ ബോർഡ് സിറ്റിംഗ് കാസർഗോഡ് താലൂക്ക് ആശുപത്രിയിൽ മാർച്ച് മാസം തന്നെ പുനരാരംഭിക്കണമെന്ന് ജില്ലാ ആശുപത്രി സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly